"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിലെ സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ "അർബൻ ചെയർ" രൂപീകരിക്കുന്നതിനായി കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും കിലയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.723/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 31/03/2020

---

പരാമർശം:- 1 05.07.2019-ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനം.

2 കില ഡയറക്ടറുടെ 12.08.2019-ലെ 2019/101/5292/HQ നമ്പർ കത്ത്.

**ഉത്തരവ്**

കിലയിലെ സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ "അർബൻ ചെയർ" രൂപീകരിക്കുന്നതിനായി 16.01.18-ലെ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ച പ്രകാരം തദ്ദേശഭരണത്തിനനുസൃതമായ വൈദഗ്ധ്യവും വിദഗ്ധരായവരുടെ സേവനവും ലഭ്യമാക്കുന്നതിന് ആവശ്യമായ ധനസഹായം മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ വിഹിതമായി ലഭ്യമാക്കുവാനുള്ള സാധ്യതയ്ക്കനുസൃതമായി രൂപരേഖ തയ്യാറാക്കുവാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം അർബൻ പ്ലാനിംഗ് വിദഗ്ധനായ ശ്രീ.ലളിത്കുമാർ ദഷോറയെ കില ഇതിനായി ചുമതലപ്പെടുത്തി.

2) പരാമർശം (1) പ്രകാരം, ശ്രീ.ലളിത്കുമാർ ദഷോറ തയ്യാറാക്കിയ പ്രൊപ്പോസൽ (Terms of Reference) കില എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും പ്രൊപ്പോസൽ പ്രകാരമുള്ള തുക മുനിസിപ്പാലിറ്റികളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും ഒറ്റതവണയായി താഴെപ്പറയും പ്രകാരം ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| കോർപ്പറേഷൻ<br>5 ലക്ഷം രൂപ വീതം ഓരോ കോർപ്പറേഷനും | 30,00,000 രൂപ<br>(5,00,000 x 6 Nos.) |
| പഴയ മുനിസിപ്പാലിറ്റികൾ<br>3,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 1,77,00,000 രൂപ<br>(3,00,000 x 59 Nos.) |
| പുതിയ മുനിസിപ്പാലിറ്റികൾ<br>1,00,000 രൂപ വീതം ഓരോ മുനിസിപ്പാലിറ്റിയും | 28,00,000 രൂപ<br>(1,00,000 x 28 Nos.) |

3) പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ കിലയിൽ അർബൻ ചെയർ രൂപീകരിക്കുന്നതിനായി മേല്പറഞ്ഞ പ്രകാരം ഓരോ കോർപ്പറേഷനിൽ (ആകെ-6) നിന്നും 5 ലക്ഷം രൂപ വീതവും, ഓരോ പഴയ മുനിസിപ്പാലിറ്റിയിൽ (ആകെ-59) നിന്നും 3 ലക്ഷം രൂപ വീതവും, ഓരോ പുതിയ മുനിസിപ്പാലിറ്റിയിൽ (ആകെ-28) നിന്നും 1 ലക്ഷം രൂപ വീതവും കിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് കില ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം, സെന്റർ ഫോർ അർബൻ ഗവേണൻസ് ശക്തിപ്പെടുത്തുവാൻ കിലയിൽ "അർബൻ ചെയർ" രൂപീകരിക്കുന്നതിനായി

ഓരോ കോർപ്പറേഷനിൽ (ആകെ-6) നിന്നും 5 ലക്ഷം രൂപ വീതവും ഓരോ പഴയ മുനിസിപ്പാലിറ്റിയിൽ (ആകെ-59) നിന്നും 3 ലക്ഷം രൂപ വീതവും ഓരോ പുതിയ മുനിസിപ്പാലിറ്റിയിൽ (ആകെ-28) നിന്നും 1 ലക്ഷം രൂപ വീതവും കിലയ്ക്ക് ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോള് ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (എഫ്. എം) വകുപ്പ്.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Anjulal
സെക്ഷൻ ഓഫീസർ